# കേരള സർവകലാശാല

നം. പി.ആർ.094/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്സി മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാല ജൂണിൽ നടത്തുന്ന ബി.എസ്സി (ആന്വൽ സ്കീം) മേഴ്സി ചാൻസ്, പരീക്ഷയുടെ പാർട്ട് മൂന്ന് മെയിനിനും സബ്സിഡിയറി വിഷയങ്ങൾക്കും (മാത്തമാറ്റിക്സ് മെയിൻ ഒഴികെ) പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 15 (50 രൂപ പിഴയോടെ മെയ് 18, 125 രൂപ സൂപ്പർ ഫൈനോട് കൂടി മെയ് 20) വരെ ഫീസടച്ച് അപേക്ഷിക്കാം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ ഓരോ പരീക്ഷാകേന്ദ്രം മാത്രമേ ഉണ്ടാവുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ബി.എ പ്രവേശനം

കേരള സർവകലാശാല പാളയം കാമ്പസിൽ നടത്തുന്ന 2017-19 എം.ബി.എ (ഈവനിംഗ് - റെഗുലർ) പ്രവേശനത്തിന് ഓൺലൈനായി രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ജൂൺ 30. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admission.keralauniversity.ac.in) ലഭിക്കും.

### പ്രൊജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും പ്രൊജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും മെയ് 15 മുതൽ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.പി.എ വോക്കൽ പ്രാക്ടിക്കൽ

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷയുടേയും മെയിൽ നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷയുടേയും (2013 അഡ്മിഷന് മുമ്പ്) പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 22 മുതൽ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്.

### ബി.പി.ടി ടൈംടേബിൾ

കേരള സർവകലാശാല മെയ് മൂന്നിന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.പി.ടി, മെയ് 10-ന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.പി.ടി, മെയ് 17-ന് തുടങ്ങുന്ന എട്ടാം സെമസ്റ്റർ ബി.പി.ടി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ ഫലം

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തിയ സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (മോർണിംഗ് & ഈവനിംഗ് ബാച്ച്) കോഴ്സിന്റെ മാർച്ചിൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. രജി. നമ്പർ 11038(രേണു.എം.കെ) ഒന്നാം റാങ്ക് നേടി.

## ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ ടൈംടേബിൾ

കേരള സർവകലാശാല മെയ് 10-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (2015 സ്കീം - റെഗുലർ) പരീക്ഷയുടെയും, മെയ് 11-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (2015 സ്കീം - റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
29.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098